**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 731** **28-01-2026 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2021 മെയ് മുതൽ നാളിതുവരെ കോങ്ങാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>കോങ്ങാട് നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 11,00,000/- രൂപ ചെലവിൽ 26 kW സ്ഥാപിത ശേഷിയിൽ 4 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>2021 മെയ് മുതൽ നാളിതുവരെ കോങ്ങാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിതരണ വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>പ്രസരണ വിഭാഗത്തിൽ കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. കോങ്ങാട് 33കെ.വി. സബ്സ്റ്റേഷനിൽ അധികമായി ഒരു 33 ഫീഡർ കൂടി ലഭ്യമാക്കിയിട്ടുണ്ട്.<br>2. കാഞ്ഞിരപ്പുഴ **33**കെ.വി. സബ്സ്റ്റേഷനുവേണ്ടി സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്**.** DPR തയ്യാറാക്കി വരുന്നു**.**<br><br>**അനെർട്ട്**<br><br>സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര |

| | | | |
|---|---|---|---|
| | | | സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്.<br><br>MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിൽ പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടപ്പിലാക്കിവരുന്നു.<br><br>പിഎം കുസും പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിന്റെ കീഴിൽ പറളി, മങ്കര, മണ്ണൂർ, കേരളശ്ശേരി, കോങ്ങാട് കൃഷി ഭവനുകളിൽ 261 പമ്പുകൾ സൗരോർജ്ജവൽക്കരിക്കുവാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്, ഇതിൽ 101 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും, 28 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**<br><br>നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി പാലക്കാട് ജില്ലയിൽ തെരഞ്ഞെടുത്ത കേരളശ്ശേരി പഞ്ചായത്തിലെ 21 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 21 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 1,97,253/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ? | (ബി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>കോങ്ങാട് നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 11,00,000/- രൂപ ചെലവിൽ 26 kW സ്ഥാപിത ശേഷിയിൽ 4 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. |

2021 മെയ് മുതൽ നാളിതുവരെ കോങ്ങാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിതരണ വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികൾ **അനുബന്ധമായി** ചേർക്കുന്നു.

പ്രസരണ വിഭാഗത്തിൽ കോങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. കോങ്ങാട് 33കെ.വി. സബ്സ്റ്റേഷനിൽ അധികമായി ഒരു 33 ഫീഡർ കൂടി ലഭ്യമാക്കിയിട്ടുണ്ട്.
2. കാഞ്ഞിരപ്പുഴ **33**കെ. വി. സബ്സ്റ്റേഷനുവേണ്ടി സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. DPR തയ്യാറാക്കി വരുന്നു.

**അനെർട്ട്**

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്.

MNRE-യിൽനിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PM KUSUM പദ്ധതിയിൽ പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടപ്പിലാക്കിവരുന്നു.

പിഎം കുസും പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിന്റെ കീഴിൽ പറളി, മങ്കര, മണ്ണൂർ, കേരളശ്ശേരി, കോങ്ങാട് കൃഷി ഭവനുകളിൽ 261 പമ്പുകൾ സൗരോർജ്ജവൽക്കരിക്കുവാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്, ഇതിൽ 101 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും, 28 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**എനർജി മാനേജ്മെന്റ് സെന്റർ**

| | | | |
|---|---|---|---|
| | | | നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി പാലക്കാട് ജില്ലയിൽ തെരഞ്ഞെടുത്ത കേരളശ്ശേരി പഞ്ചായത്തിലെ 21 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 21 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 1,97,253/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2021 മെയ് മുതൽ നാളിതുവരെ കോങ്ങാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശങ്ങൾ | അളവ് | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | തെരുവ് വിളക്കിനായുള്ള വൈദ്യുതി ലൈനുകളും അനുബന്ധ പ്രതിഷ്ഠാപനങ്ങളും സ്ഥാപിക്കുന്ന പ്രവൃത്തി | 65.3 കി.മീ | 53,57,885/- | LSGD ഫണ്ട് – പൂർത്തീകരിച്ചു |
| 3 | വൈദ്യുതി തകരാറു കണ്ടുപിടിക്കാൻ FPI സ്ഥാപിക്കുന്ന പ്രവൃത്തി | 13 എണ്ണം | 2,79,900/- | KSEBL ഫണ്ട് – പൂർത്തീകരിച്ചു |
| 4 | HT ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി | 4.1 കി.മീ | 87,09,181/- | KSEBL ഫണ്ട് -98% പൂർത്തീകരിച്ചു |
| 5 | HT ഓവർ ഹെഡ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി | 0.43 കി.മീ | 10,34,350/- | KSEBL ഫണ്ട് – പൂർത്തീകരിച്ചു |
| 6 | LT ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി | 3.27 കി.മീ | 23,75,892/- | KSEBL ഫണ്ട് -95% പൂർത്തീകരിച്ചു |
| 7 | LT കവചിത കമ്പി സ്ഥാപിക്കുന്ന പ്രവൃത്തി | 1.29 കി.മീ | 69,34,380/- | KSEBL ഫണ്ട് -90% പൂർത്തീകരിച്ചു |
| 8 | LT ഓവർ ഹെഡ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി | 16.335 കി.മീ | 1,31,88,298/- | KSEBL ഫണ്ട് -80% പൂർത്തീകരിച്ചു |
| 9 | ട്രാൻസ്ഫോർമറിന്റെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി | 27 എണ്ണം | 2,70,86,046/- | KSEBL ഫണ്ട് -85% പൂർത്തീകരിച്ചു |
| 10 | സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തി | 14.86 കി.മീ | 62,41,678/- | KSEBL ഫണ്ട് -85% പൂർത്തീകരിച്ചു |
| 11 | നിലവിലെ കാലപ്പഴക്കമുള്ള ഓവർ ഹെഡ് കമ്പികൾ മാറ്റുന്ന പ്രവൃത്തി | 148.287 കി.മീ | 10,71,99,501/- | KSEBL ഫണ്ട് -85% പൂർത്തീകരിച്ചു |